(ബി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് ആവശ്യപ്പെട്ടതെന്നും അവയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നവീകരണത്തിനു വേണ്ടി ട്രേഡ് യൂണിനുകൾ സർക്കാരിന് മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഏതെല്ലാം ട്രേഡ് യൂണിനുകളാണ് നിർദ്ദേശം സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2324 പേർ പിരിഞ്ഞുപോയിട്ടുണ്ട്. ജോലി നഷ്ടപ്പെട്ട സ്ത്രീ-പുരുഷന്മാരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) വിവരം ശേഖരിച്ചുവരുന്നു.

കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ റബ്ബർ പാർക്ക്

20 [2147] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ ഐരാപുരത്ത് സർക്കാർ സൗജന്യമായി കൊടുത്ത 110 ഏക്കർ സ്ഥലത്ത് ഇൻഡ്യ ഗവൺമെന്റ് അനുവദിച്ച റബ്ബർ പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബർ പാർക്കിന്റെ നടത്തിപ്പിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്നും സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും പങ്കെന്താണ് എന്നും മറ്റ് ഏതെങ്കിലും ഏജൻസികൾക്ക് ഇതിൽ എന്തെങ്കിലും പങ്കുണ്ടോ എന്നും ഉണ്ടെങ്കിൽ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ എം. ഡി.-യേയും മറ്റു സ്റ്റാഫിനേയും നിയമിച്ചിട്ടുള്ളത് ആരാണ്; നിയമന വ്യവസ്ഥ എന്തെല്ലാമാണ്; ഇവരുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ആർക്കാണ് എന്നു വ്യക്തമാക്കാമോ?

(ഡി) ഈ പാർക്കിൽ എത്ര യൂണിറ്റിന് സ്ഥലം അലോട്ടുചെയ്തു; എത്ര യൂണിറ്റ് പണി തീർത്തു; എത്ര എണ്ണം പ്രൊഡക്ഷൻ തുടങ്ങി; ബാക്കിയുള്ളവ ഓരോന്നും ഏതേത് സ്റ്റേജിലാണ് എന്നു വ്യക്തമാക്കുമോ?

(ഇ) റബ്ബർ പാർക്കിന്റെ അതോറിറ്റി ഏതെല്ലാം പണികൾ നടത്തുന്നു; ഏതിന്റെ എല്ലാം പണി തീർത്തു; മറ്റുപണികൾ ഏതേതു സ്റ്റേജിലാണെന്ന് വ്യക്തമാക്കുമോ;

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പാർക്കിന്റെ ഉദ്ഘാടനം എന്നത്തേക്ക് നടത്തുമെന്ന് വ്യക്തമാക്കാമോ;

(ജി) ഉദ്ഘാടന ചടങ്ങ് സർക്കാർ നിർദ്ദേശങ്ങളും പ്രോട്ടോക്കോളും അനുസരിച്ച് ഏർപ്പാടാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പൈരാപുരത്ത് സ്ഥാപിച്ചിട്ടുള്ള റബ്ബർ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം ഏതാണ്ട് പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ സ്ഥാപനമായ റബ്ബർ ബോർഡും കേരള സർക്കാർ സ്ഥാപനമായ കിൻഫ്രയും ചേർന്നാണ് ഈ കമ്പനി രൂപീകരിച്ചിട്ടുള്ളത്. 10 കോടി രൂപ വീതം രണ്ടു സ്ഥാപനങ്ങൾക്കും തുല്യ ഓഹരി പങ്കാളിത്തമാണ് ഈ കമ്പനിയിൽ ഉള്ളത്. കിൻഫ്രയുടെ ഓഹരി പങ്കാളിത്തം ഭൂമി കമ്പനിക്ക് കൈമാറ്റം ചെയ്തതിലുള്ള ലീസ് പ്രീമിയം ഉൾപ്പെടെയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഈ കമ്പനിയിൽ നേരിട്ട് ഓഹരി പങ്കാളിത്തമില്ല. മറ്റ് യാതൊരു ഏജൻസിക്കും ഇതിൽ പങ്കില്ല.

(സി) റബ്ബർ പാർക്കിന്റെ എം. ഡി.-യെ നിയമിച്ചിട്ടുള്ളത് ടി കമ്പനിയുടെ ഡയറക്ടർ ബോർഡാണ് കമ്പനിയുടെ നിയമാവലിയിൽ ഡയറക്ടർ ബോർഡിനാണ് എം. ഡി.-യെ നിയമിക്കാനുള്ള അധികാരം. കമ്പനിയുടെ പരിപൂർണ്ണ നിയന്ത്രണാധികാരം ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്.

കമ്പനിയിലെ കമ്പനി സെക്രട്ടറി, ഫിനാൻസ് മാനേജർ, എം. ഡി.-യുടെ സെക്രട്ടറി, ഇലക്ട്രിക്കൽ എഞ്ചിനീയർ, സിവിൽ എഞ്ചിനീയർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ കമ്പനിയുടെ ഡയറക്ടർ ബോർഡാണ് നിയമിച്ചിട്ടുള്ളത്.

അക്കൗണ്ടന്റ്, ശിപായി നിർമ്മാണ മേൽനോട്ടക്കാർ മുതലായവരെ മനുഷ്യശേഷി വികസന ഏജൻസികൾ വഴിയാണ് നിയോഗിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ അപ്രന്റീസ്ഷിപ്പ് പദ്ധതിയനുസരിച്ച് 5 പേർ ഇവിടെ ജോലിചെയ്യുന്നുണ്ട്.

(ഡി) ആകെ 107 ഏക്കറിൽ 100 ഏക്കറോളം സ്ഥലം ഉപയോഗയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. റോഡുകൾ, കെട്ടിടങ്ങൾ, സബ്സ്റ്റേഷൻ, മഴവെള്ള സംഭരണി, മലിനജല സംസ്ക്കരണകേന്ദ്രം, കൃാന്റീൻ, ആശുപത്രി മുതലായവയ്ക്കുള്ള സ്ഥലം കഴിച്ചാൽ വ്യാവസായികാവശൃത്തിനായി നൽകാവുന്ന 72 ഏക്കറിൽ 25 ഏക്കറോളം സ്ഥലം 16 വ്യവസായ സ്ഥാപനങ്ങൾക്കായി നൽകി കഴിഞ്ഞു. ഒരു വ്യവസായ സ്ഥാപനം ഉത്പാദനം ആരംഭിച്ചുകഴിഞ്ഞു. രണ്ട് വൻകിട വ്യവസായ യൂണിറ്റുകൾ നിർമ്മാണാവസ്ഥയിലാണ്. മറ്റ് രണ്ട് യൂണിറ്റുകൾ പണി തുടങ്ങികഴിഞ്ഞു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ വൻകിട ബലൂൺ ഫാക്ടറി ആഗസ്റ്റ് മാസത്തോടെ പ്രവർത്തനക്ഷമമാകും. 18 കോടി രൂപയോളം മുതൽമുടക്കുള്ള ആൽപ്സ് റബ്ബർ വർക്സ് എന്ന സ്ഥാപനം ഒക്ടോബറിൽ ഉൽപ്പാദനം ആരംഭിക്കാനുള്ള ലക്ഷ്യത്തിലാണ് മുന്നേറുന്നത്. മറ്റുള്ള വ്യവസായ യൂണിറ്റുകൾ അടുത്ത വർഷത്തോടെ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) (i) റബ്ബർ പാർക്ക് ഇതിനകം ചെയ്തുതീർത്ത പണികൾ താഴെ പറയുന്നവയാണ്.

1. 107 ഏക്കറിന്റെയും പൂർണ്ണമായ വികസന പ്രവർത്തനം. 82 പ്ലോട്ടുകളായി തിരിച്ചു. 5 കി. മീ. റോഡുകൾ നിർമ്മിച്ചു.

2. 2 കി. മീ. 110 കെ. വി. ഇരട്ടലൈൻ നിർമ്മാണം.

3, 110/11 കെ. വി. 12.5 എം. വി. എ. സബ്സ്റ്റേഷൻ നിർമ്മാണം.

4. 6 കി. മീ. 11 കെ. വി. ഭൂഗർഭ കേബിളുകളും 7 ട്രാൻസ്ഫോർമറുകളുമടങ്ങിയ റിംഗ് മെയിൻ വൈദ്യുതി വിതരണ ശൃംഖല.

5. പാർക്കിന്റെ പൂർണ്ണമായ വൈദ്യുതീകരണം.

6. ആശുപത്രി, ക്യാന്റീൻ, ഗസ്റ്റ് ഹൗസ്.

7 മൂന്നു ദശലക്ഷം ലിറ്റർ പ്രതിദിന വിതരണ ശേഷിയുള്ള ജല ശുദ്ധീകരണ വിതരണ ശൃംഖല.

8. രണ്ടര ലക്ഷം ലിറ്റർ പ്രതിദിന സംസ്കരണ ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റ്.

9. വൈദ്യുതി വിതരണത്തിനുള്ള ലൈസൻസിയായി.

10. ഭാരതത്തിലാദ്യമായി വ്യാവസായിക മേഖലയിൽ വൈദ്യുതി വിതരണ രംഗത്ത് ഓട്ടോമാറ്റിക് മീറ്റർ റീഡിംഗും പ്രീപെയ്ഡ് കാർഡ് സമ്പ്രദായവും നടപ്പിലാക്കി.

(ii) നടത്തിക്കൊണ്ടിരിക്കുന്ന പണികൾ താഴെ പറയുന്നവയാണ്.

1. പുരുഷ തൊഴിലാളികൾക്കായുള്ള ഡോർമിറ്ററിയുടെ നിർമ്മാണം.

2. പുരുഷ എക്സിക്യൂട്ടീവുകൾക്കായുള്ള ഹോസ്റ്റലിന്റെ നിർമ്മാണം.

3. പാർക്കിന്റെ ഓഫീസ്, ഗവേഷണ വികസനകേന്ദ്രം, കൊമേഴ്സ്യൽ കോംപ്ലക്സ്, കടമുറികൾ, ബാങ്ക്, പോസ്റ്റോഫീസ്, ലൈബ്രറി, പരിശീലനകേന്ദ്രം, വീഡിയോ കോൺഫറൻസ്, ഇന്റർനെറ്റ് കഫേ, ഓഫീസ് നിർവ്വഹണകേന്ദ്രങ്ങൾ ഇവയ്ക്കെല്ലാമുള്ള കെട്ടിടത്തിന്റെ നിർമ്മാണം.

ഇവയെല്ലാം 2004 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ് ആന്റ് ജി) ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിലുള്ള ഏജൻസികളുടെ ഒരു സംയുക്ത സംരംഭമായതിനാൽ രണ്ട് ഏജൻസികളുമായി യോജിച്ച് ഔപചാരികമായ ഉദ്ഘാടനം സംബന്ധിച്ച തീരുമാനം എടുക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

21 [2148] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; അവ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly